# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 2447 — 06.12.2018 ലെ മറുപടിയ്ക്ക്

**പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥലസൗകര്യക്കുറവ്**

**ചോദ്യം** — **ഉത്തരം**

ശ്രീ.ജോൺ ഫെർണാണ്ടസ്

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | എറണാകുളം ജില്ലയിലെ പള്ളുരുത്തി സബ്ട്രഷറി നിലവിൽ 575 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം മാത്രമുള്ള ഇടുങ്ങിയ ഒരു സ്ഥലത്താണ് പ്രവർത്തിക്കുന്നത് എന്നതിനാൽ കെട്ടിടത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക പ്രായോഗികമല്ല. ആയതിനാൽ പ്രസ്തുത സ്ഥലത്ത് പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാധ്യതയും ഇല്ലായെന്ന് കാണുന്നു. |
| (ബി) | നിലവിൽ രാമേശ്വരം വില്ലേജിൽപ്പെടുന്ന സ്ഥലം ലഭ്യമല്ല എന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, പള്ളുരുത്തി വില്ലേജ് ഓഫീസിന് സമീപത്തുള്ള സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കുമോ? | | പള്ളുരുത്തി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം ലഭ്യമായാൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളുരുത്തി സബ്ട്രഷറിയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ